(സി) സഹകരണ ബാങ്കുകൾ സാധാരണക്കാരന് വായ്പ നൽകുമ്പോൾ മുൻകൂറായി വാങ്ങുന്ന ബ്ലാങ്ക് ചെക്ക് ലീഫുകൾ, വായ്പക്കാരൻ വായ്പ അടയ്ക്കാൻ വീഴ്ച വരുത്തുമ്പോൾ സഹകരണ നിയമ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കാതെ വ്യാജരേഖകൾ ചമച്ച് തുക എഴുതി നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ടിലെ വ്യവസ്ഥകളെ ദുരുപയോഗം ചെയ്ത് വണ്ടിച്ചെക്ക് കേസുകൾ കോടതികളിൽ ഫയൽ ചെയ്യുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരത്തിലുള്ള പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അന്വേഷണം നടത്തി നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) തിരുവനന്തപുരം തമ്പാനൂർ വാർഡ് കൗൺസിലർ ശ്രീ. ആർ. ഹരികുമാർ ടി 131 തിരുവനന്തപുരം സഹകരണ ബാങ്ക് സെക്രട്ടറി, ബാങ്കിൽ നിന്നും വായ്പയെടുത്ത ചെറുകിട വ്യാപാരികളെ വ്യാജരേഖകൾ ചമച്ച് ചെക്ക് കേസുകളിൽ കുടുക്കുന്നതായി കാണിച്ചുകൊണ്ടുള്ള 29-9-2014-ലെ പരാതിയിന്മേൽ ഇന്റലിജൻസ് മേധാവി 6-12-2014-ൽ ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിക്കുകയും, ടി റിപ്പോർട്ടിന്റെ പ്രസക്തഭാഗം തുടർ നടപടികൾക്കായി 6-3-2015-ൽ സഹകരണ വകുപ്പിന് നൽകിയിട്ടുമുണ്ട്.

സ്ത്രീ സുരക്ഷാ പദ്ധതി

131 (4466) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീ സുരക്ഷാ പദ്ധതിക്ക് ആഭ്യന്തരവകുപ്പ് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി ആഭ്യന്തര വകുപ്പ് 'നിർഭയ കേരളം സുരക്ഷിത കേരളം' പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(ബി) വിവിധ സന്ദർഭങ്ങളിൽ സ്ത്രീകൾ നേരിടേണ്ടിവരുന്ന അതിക്രമ സാഹചര്യങ്ങൾ തിരിച്ചറിയാൻ അവരെ പ്രാപ്തരാക്കുക, അത്തരം സന്ദർഭങ്ങൾ നേരിടേണ്ടിവന്നാൽ സ്വരക്ഷയ്ക്കായി പെട്ടെന്ന് സ്വീകരിക്കേണ്ടിവരുന്ന പ്രതിരോധ

LIBRARY ARCHIVES Kerala Legislative Assembly

തന്ത്രങ്ങൾ സ്വായത്തമാക്കുക, അതുവഴി സംസ്ഥാനത്തെ സ്ത്രീകൾക്ക് സുരക്ഷയും കൂടുതൽ ആത്മവിശ്വാസവും പ്രദാനം ചെയ്യുക എന്നീ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ, കലാലയങ്ങൾ, വിവിധ സന്നദ്ധ സംഘടനകൾ തുടങ്ങിയവയാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന തലത്തിൽ ഓരോ പോലീസ് ജില്ലയിലും 6 മുതൽ 10 വനിതാ പോലീസുകാർ ഉൾപ്പെടുന്ന ടീമിന് പരിശീലനം നൽകി 'റിസോഴ്സ് ടീം' എന്ന സംവിധാനം രൂപീകരിച്ചിട്ടുണ്ട്.

പോലീസ് കംപ്ലയിന്റ് അതോറിറ്റി

132 (4467) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് കംപ്ലയിന്റ് അതോറിറ്റി രൂപീകൃതമായശേഷം എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; അവയിൽ എത്രയെണ്ണത്തിൽ തീർപ്പുകൽപിച്ചിട്ടുണ്ട് ; വിശദമാക്കാമോ ;

(ബി) ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റികൾ നിലവിൽ വന്നതെന്നാണ് ; അതിനുശേഷം ഓരോ ജില്ലയിലും എത്ര പരാതികൾ വീതം ലഭിച്ചിട്ടുണ്ടെന്നും, എത്രയെണ്ണം തീർപ്പാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) പരാതികൾ തീർപ്പു കൽപ്പിക്കാൻ കാലതാമസം വരുത്തി പോലീസ് ഉദ്യോഗസ്ഥൻമാരെ രക്ഷപ്പെടുത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽവന്നിട്ടുണ്ടോ ; ഇക്കാര്യത്തിൽ ജാഗ്രത പുലർത്തുമോ ?

ഉത്തരം

(എ & ബി) 24-8-2007-ലെ 52673/ഇ 1/07/ആഭ്യന്തരം നമ്പർ സർക്കുലർ പ്രകാരമാണ് പോലീസ് കംപ്ലയിന്റ് അതോറിറ്റി നിലവിൽ വന്നത്. പരാതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി

പരാതി ലഭിച്ചത്	1699
തീർപ്പ് കൽപ്പിച്ചത്	1273

LIBRARY ARCHIVES Kerala Legislative Assembly